**ഭരണഭാഷ–മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**സി.ജി.എ.സി/64865/2017** **തീയതി : 28/12/2017**

## സർക്കുലർ

**വിഷയം:** സി.ജി & എ.സി – സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും ചൈൽഡ് ലൈൻ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, കുട്ടി കൾക്കു വേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റിന്റെ മറ്റ് ഏജൻസികൾ എന്നി വയിലേക്ക് ഹെൽപ്പ് ലൈൻ വഴി സഹായം തേടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ –സംബന്ധിച്ച്.

**സൂചന:** ബഹു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 10/10/2017-ലെ 9137/10/LA2/2016/KeSCPCR വിധിന്യായം നടപ്പിലാക്കുന്നത് സംബ ന്ധിച്ച്.

ബഹു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 10/10/2017-ലെ സൂചന വിധിന്യായം അനുസരിച്ച് സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസി പ്പാൾമാർ ചൈൽഡ് ഹെൽപ് ലൈനുകളുടെ സഹായം തേടുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും ചൈൽഡ് ലൈൻ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, കുട്ടികൾക്കു വേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റിന്റെ മറ്റ് ഏജൻസികൾ എന്നിവയിലേക്ക് ഹെൽപ്പ് ലൈൻ വഴി സഹായം തേടുന്നതിനു മുമ്പായി കുട്ടിയുടെ യഥാർത്ഥ പ്രശ്നം സ്കൂളിൽ നിന്നും സൗഹൃദ ക്ലബ് കോ–ഓർഡിനേറ്റർ മനസ്സിലാക്കി പരിഹാരം കാണാൻ ശ്രമിക്കേണ്ടതാണ്. സൗഹൃദ ക്ലബിന്റെ പ്രവർത്തനം ഇല്ലാത്ത സ്കൂളുകളിൽ ഒരു അദ്ധ്യാപകനെ/അദ്ധ്യാ പികയെ ഈ വിഷയത്തിന് പരിഹാരം കാണാൻ നിയോഗിക്കേണ്ടതാണ്. പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളാണെങ്കിൽ സ്കൂളിൽ തന്നെ പരിഹരിക്കണം. അതിനു കഴിയുന്നി ല്ലെങ്കിൽ മാത്രം ചൈൽഡ് ഹെൽപ് ലൈനുകളുമായി ബന്ധപ്പെടുക.

സ്കൂളുകളിൽ കുട്ടികൾക്ക് എതിരെയുള്ള പരാതിയിന്മേൽ പ്രിൻസിപ്പാൾ അച്ച ടക്ക നടപടികൾ സ്വീകരിക്കുന്നതിനു മുമ്പ് സൗഹൃദ ക്ലബിന്റെ പ്രവർത്തനം ഉള്ള സ്കൂളുകളിൽ കൗമാരക്കാരായ കുട്ടികളുടെ ശാക്തീകരണത്തിന് ഹയർ സെക്കന്ററി ഡയറക്ടറേറ്റ് കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ

വിദഗ്ദ പരിശീലനം ലഭിച്ച സൗഹൃദ കോ–ഓർഡിനേറ്ററുടെ അഭിപ്രായം കൂടി പരിഗണിക്കേണ്ടതാണ്.

സകൂളുകളിൽ വരുന്ന കുട്ടികളുടെ പൂർണ്ണ ഉത്തരവാദിത്വം സ്കൂൾ അധികൃതർക്കാണ്. കുട്ടിയുടെ സ്വന്തം വീട്ടിൽ അരക്ഷിതാവസ്ഥ ഇല്ലാത്ത സാഹചര്യത്തിൽ കുട്ടിയുടെ മാതാപിതാക്കളെ വിവരം അറിയിച്ചതിനു ശേഷം മാത്രം ചൈൽഡ് ലൈനിന്റെ സഹായം തേടേണ്ടതാണ്. സ്വന്തം വീടുകളിൽ നിന്ന് കുട്ടികൾക്ക് വേണ്ടത്ര പിന്തുണ കിട്ടുന്നില്ലെങ്കിൽ അദ്ധ്യാപകർ കുട്ടികളുടെ സുരക്ഷയും മറ്റ് സഹായങ്ങളും ചൈൽഡ് ലൈൻ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, കുട്ടികൾക്കു വേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റിന്റെ മറ്റ് ഏജൻസികൾ എന്നിവ മുഖാന്തിരം ഉറപ്പാക്കേണ്ടതാണ്.

ചൈൽഡ് ഹെൽപ്പ് ലൈൻ വഴി സഹായം തേടുമ്പോൾ സൗഹൃദ ക്ലബിന്റെ പ്രവർത്തനം ഉള്ള സ്കൂളുകളിൽ ആയതിന്റെ വിശദാംശങ്ങൾ സൗഹൃദ ഇന്റർവെൻഷൻ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതും സൗഹൃദ ക്ലബിന്റെ പ്രവർത്തനം ഇല്ലാത്ത സ്കൂളുകളിൽ ആയതിന്റെ വിശദാംശങ്ങൾ പ്രത്യേക രജിസ്റ്റർ ആക്കി സൂക്ഷിക്കേണ്ടതും അതിന്മേലുള്ള തുടർ നടപടികൾ പ്രിൻസിപ്പാളിന്റെ മേൽ നോട്ടത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

Sd/-

***ഡയറക്ടർ***